# പ. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

## ബോവൂസോ

1 നന്മനിറഞ്ഞവളാം ദൈവത്തിൻ ജനനി !
നിന്മകനോടെന്നും പ്രാർത്ഥിച്ചീടണമെ.

2 പാപം, ദോഷമതും, വ്യാധി, വസന്തകളും
ശാപവുമടിയാരീന്നതിനാൽ നീങ്ങണമെ.

3 കണ്ണീരോടു നിന്റെ കരുണാവാതിലതിൽ
മുട്ടിവിളിപ്പോരിൽ കൃപകൾ ചൊരിയണമെ.

4 മാനസ ക്ലേശിതർ മേൽ കരുണയൊടമ്മേ ! നീ
തൃക്കൺ പാർത്തു സമാധാനം നൽകണമെ.

5 നിൻ സുത ശരണത്തിൽ നിദ്രിതരായോരിൽ
കരുണപ്പനിനീർ ചൊരിവാൻ പ്രാർത്ഥിക്കണമെ.

6 ഇപ്പോഴുമെന്നാളും മൃതി നേരവുമമ്മേ
പാപികളടിയാർക്കായ് പ്രാർത്ഥിച്ചീടണമെ.

**BOOVOOSO** (Songs of intercession)

1 Nanmaniranjavalaam daivathin janani !
Ninmakanodennum prarthicheedename.

2 Paapam, doshamathum, vyadhi, vasanthakalum
Shapvumadiyaareenathinal neenganame.

3 Kanneerodu ninte karunavaathilathil
Muttivilipporil krupakal choriyaname.

4 Manasa kleshithar mel karunayodamme ! nee
thrukkan paarthu samaadanam nalkaname.

5 Nin sudha sharanathil nidhradharaayoril
karunappanineer chorivaan praarthikkename.

6 Ippozhummennaalum mruthi neravumamme
Paapikaladiyaarkkay praarthicheedename.

സർവ്വേശ്വര വചനം–നരനായ്–ത്തീരാൻ റൂഹ്ക്കുദിശാ
ഭൂവിൽ തിരഞ്ഞെടുത്ത–ധന്യേ –കന്യകമറിയാമേ!
ചിന്മയനുടെ ജനനീ ! നന്മ നിറഞ്ഞോളെ !
അൻപൊടു പ്രാർത്ഥിക്ക–അമ്മേ ! ഭാഗ്യവതി.....
– അമ്മേ ! ഭാഗ്യവതി



ധരണിതലേയുടയോൻ–ഗതമാ–മത്ഭുത ഗോവണിയായ്
ബേഥേലിൽ യാക്കോബ്–നിൻ ദൃ–ഷ്ടാന്തം മുൻകു
നരകുല രക്ഷയ്ക്കായ്–ദൈവസുതൻ വെളിവായ്
മഹിതം ഭാജനമെ–അമ്മേ ! ഭാഗ്യവതി.....
– അമ്മേ ! ഭാഗ്യവതി

സീനായ് മാമലയിൽ–എരിതീ–ജ്വാലയിലെരിയാത്ത
മുൾമരമായ് നിന്നെ–മോശ–നിബി മുൻകുറി കു
കന്യാവൃത മുദ്ര–യ്ക്കഴിവെന്യെ ദൈവ
സുതനുടെ പെറ്റമ്മേ–അമ്മേ ! ഭാഗ്യവതി.....
– അമ്മേ ! ഭാഗ്യവതി

ആദാമിനെ മണ്ണാൽ–മെനഞ്ഞോ–രുടയോനെ തന്റെ
ഉദരെ കൊവളെ–മോദാൽ–പരിപാലിച്ചോളെ
ജീവദനുടയോന്–സ്തന്യമതേകിയോളെ
പാവന കന്യകയേ–അമ്മേ ! ഭാഗ്യവതി.....
– അമ്മേ ! ഭാഗ്യവതി

മാനവ ലോകത്തിൻ–പാപ–ക്കൂരിരുൾ നീക്കീടാൻ
വാനമതിൽ നിന്നും–കൃപയാ–ലാഗതനാം സൂര്യൻ
ഉദയം ചെയ്തെന്ന–മഹിമാംബരമേ നിൻ–
മകനൊടു പ്രാർത്ഥിക്ക–അമ്മേ ! ഭാഗ്യവതി.....
– അമ്മേ ! ഭാഗ്യവതി

ഭൂവാനങ്ങൾ തൻ–ദിവ്യ–മഹിമകളാൽ നിറയും
ദൈവ സുതൻ ജനനീ!–അടിയാ–ർക്കാശ്രയമേ അമ്മേ!
ശരണാഗതരായി–ട്ടഭയപ്പെടുവോർക്കായ്
തിരുസുതനൊടു പ്രാർത്ഥി–ക്കമ്മേ ഭാഗ്യവതി....
– അമ്മേ ! ഭാഗ്യവതി

കർത്താവേ! കരുണാ–വാതിലിൽ–മുട്ടിവിളിക്കുന്നോ–
രടിയാർ യാചനകൾ–ക്കലിവോ–ടുത്തരമരുളണമെ
നിൻ മാതാവിൻ പ്രാ–ർത്ഥന കേട്ടടിയാരിൽ
നന്മകൾ ചൊരിയണമെ–വാഴ്വുകളേകണമെ....
–വാഴ്വുകളേകണമെ.

Sarveshwara vachanam-naranaay-theeran roohkudisha
Bhoovil thiranjeduthha-dhanye-kanyakamariyaame !
Chinmayanude jananee ! Nanma niranjole !
Anpodu praarthikka-Amme ! bhagyavathi....
Amme ! bhagyavathi

Dharanithaleyudayon-gathamaa-malbudha govaniyaay
Bethelil Yakob-nin dhru-shtantham munkandu
Narakula rakshaykkay-daivasuthan velivaay
Mahitham bhaajaname-Amme ! bhagyavathi....

Amme ! bhagyavathi

Seenay maamalayil-erithee-jwaalayileriyaathha
Mulmaramaay ninne-Mosha-nibhi munkuri kandu
Kanyaavrutha mudra-ykkazhivenye daiva
Suthanude pettamme-Amme ! bhagyavathi....

Amme ! bhagyavathi

Aadhaamine mannaal-menanjo-rudayone thande
Udare kondavale-modaal-paripaalichole
Jeevadhanudayonu-sthanyamathekiyole
Paavana kanyakaye-Amme ! bhagyavathi....

Amme ! bhagyavathi

Maanava lokathhin-paapa-kkoorirul neekkeedaan
Vaanamathil ninnum-krupayaa-laagathanaam sooryan
Udayam cheythenna-mahimaambharame nin-
Makanodu praarthikka-Amme ! bhagyavathi....

Amme ! bhagyavathi

Bhoovaanangal than-divya-mahimakalaal nirayum
Daiva suthan jananee!-Adiyaa-rkkashrayame Amme !
Sharanaagatharaayi-ttabhayappeduvorkkay
Thirusuthanodu praarthi-kkamme bhagyavathi....

Amme ! bhagyavathi

Karthaave ! karunaa-vaathilil-muttivilikkunno-
radiyar yaachanakal-kkalivo-duththaramarulaname
Nin maathaavin praa-rthana kettadiyaaril
Nanmakal choriyaname-vaazhvukalekaname....

Vazhvukalekaname.

**പട്ടക്കാരൻ :** ശുബഹോ.....

**ജനം :** ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകട്ടെ. ....ആമ്മീൻ.

**പട്ടക്കാരൻ :** ഞെരുക്കത്തിലിരിക്കുന്നവരെ കരുണയോടെ ആശ്വസിപ്പിക്കുന്നവനും, പ്രയാസത്തിലിരിക്കുന്നവർക്ക് ശരണവും, പ്രത്യാശയും; സത്യവിശ്വാസത്തോടുകൂടി തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് തന്റെ



ദൈവീകാനുഗ്രഹങ്ങളും, സഹായങ്ങളും സദാ ചൊരിഞ്ഞു കൊടുക്കുന്നവനുമായ കാരുണ്യവാനായ ദൈവം തമ്പുരാനേ! ഇതാ നിന്റെ ദാസരായ അടിയങ്ങൾ കണ്ണുനീരോടും, പ്രത്യാശയോടും കൂടി നിന്റെ മാതാവിന്റെ പുണ്യപ്പെട്ട സൂനോറോ കബറിങ്കൽ വന്ന് കരുണയ്ക്കായ് അപേക്ഷിക്കുന്നു. കർത്താവേ! ഞങ്ങളോടുത്തരമരുളണമെ. ഉടയവനെ! നിന്റെ സന്നിധിയിൽ ആശ്രയിച്ചിരിക്കുന്ന ഞങ്ങൾ ലജ്ജിച്ചു പോകരുതെ. ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. സകലവിധ ദുരിതങ്ങളിൽ നിന്നും, ആപത്തുകളിൽ നിന്നും ഞങ്ങളെ രക്ഷിച്ചു വീുകൊള്ളണമെ. ഞങ്ങളുടെ അകൃത്യങ്ങളും, പാപങ്ങളും നിമിത്തം ഞങ്ങളോട് കോപിക്കരുതെ. ഞങ്ങളുടെ രഹസ്യവും പരസ്യവുമായ കടങ്ങളേയും, പാപങ്ങളെയും ഞങ്ങളോട് ഓർക്കാതെ അവയെ കരുണയോടെ പരിഹരിക്കണെമെ. നാഥാ! ഞങ്ങൾ നിന്റെ കൈവേലകളും, നിന്റെ തിരുനാമത്താൽ വിളിക്കപ്പെട്ടവരുമാകയാൽ മനസ്സലിവോടും, സഹതാപത്തോടും കൂടെ ഞങ്ങളിൽ തൃക്കൺ പാർക്കണമെ. നാഥാ! നീ തൊട്ടിട്ടുള്ളവർക്കും, നിന്നെ തൊട്ടിട്ടുള്ളവർക്കും അവിടുന്ന് സൗഖ്യം കൊടുത്തിരിക്കുന്നുവല്ലോ. പരിശുദ്ധ സൂനോറോ കബറിങ്കലെ സ്പർശനം മൂലം നിന്റെ മക്കളുടെ കണ്ണുനീരുകൾ അവിടുന്ന് തുടച്ചു കളയണമേ. ദൈവം തമ്പുരാനേ! നിന്നെ പ്രസവിച്ച ഭാഗ്യവതിയായ വി. കന്യകമർത്തമറിയാമമ്മയ്ക്ക് തിരുമുമ്പാകെ ധൈര്യവും, മുഖപ്രസന്നതയുമുള്ളതിനാൽ ഉത്തമനായുള്ളോവേ! പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ കണ്ണുനീരോടെ അപേക്ഷിക്കുന്ന നിന്റെ മക്കളുടെമേൽ ദയവു തോന്നി അനുഗ്രഹം ചെയ്യണമെ.

ഹാലേ..... ഉ–ഹാലേ..... ഉ–ഹാലേ.....

## മാനീസോ

1. ഭൂസ്വർഗ്ഗം പേറുന്നോനെ
മറിയാമുദരെ യുൾക്കൊ്
കാലത്തികവിൽ ബേതിലഹേം
ഓഫ്രത്തായിൽ വെളിവാക്കി

സർവ്വേശ്വരനുടെ പെറ്റമ്മേ !
കരുണക്കടലേ പരിശുദ്ധേ !
താഴാഴ്മയുടെ മാതൃകയേ !
പ്രാർത്ഥിക്കണമെ, കൈവെടിയല്ലേ,

നിന്നേകസുതൻ സന്നിധിയി–
ലർപ്പിക്കണമീയടിയാരെ
കൃപയും, വാഴ്‌വും നൽകേണമെ

2. ആദത്തിൻ പാപം പോക്കി–
ട്ടേദനിലവനെ യേറ്റീടാൻ
താതാത്മജ വചനം നരനായ്
തീരാൻ റൂഹാ തിരഞ്ഞെടുത്ത

നിർമ്മല കന്യകയേ ! സ്വസ്തി
രാം ഹവ്വായേ ! സ്വസ്തി
കൃപനിധിയാമമ്മേ! സ്വസ്തി
തൃക്കൺ പാർക്കേണ മീയടിയാരെ

തവ സന്നിധിയിൽ കണ്ണീരോ–
ടർത്ഥന ചെയ്യും മക്കളെ നീ
കൈവെടിയല്ലേ മാതാവേ !

3. ദൈവിക സൂര്യനുദിച്ചെന്ന
ദിവ്യാംബരമേ ! തേ സ്വസ്തി
ജീവമരത്തെ മുളപ്പിച്ച
തിരുവയലാമമ്മേ ! സ്വസ്തി

കുഞ്ഞാടുായൊരു മരവും
നീരുറവൊഴുകിയ തീപ്പാറ
നാണയമരുളിയ മത്സ്യമതും
മാതാവേ ! നിന്നെ വെളിവാക്കി

സകല ചരാചര സൃഷ്ടാവിനെ
കൈകളിലാഘോഷിച്ചവളാ–
മമ്മേ ! കൃപ ചെയ്തീടേണമെ.

– മൊറിയോ......

## **MANEESO** (Songs of praise)

1 Booswargam perunnone
Mariyaamudare yulkkonda
Kaalathikavil Bethilahem
Ofrathaayil velivaaki

Sarveshwaranude pettamme !
Karunakkadale parishudhe !
Thaazhaazhmayude maathrukaye !

Praarthikkaname, kaivediyalle,
Ninnekasudhan sanniddhiyi-
larppikkanameeyadiyaare
Krupayum, vaazhvum nalkename.



2 Aaadhathin paapam pokkee-
ttedanilavane yetteedaan
Thaathaathmaja vachanam naranaay
Theeraan rooha thiranjeduththa

Nirmala kanyakaye ! swasthi
Randaam Havvaye ! swasthi
Krupanidhiyaamamme ! swasthi
Thrukkan paarkkana meeyadiyaare

Thava sannidhdhiyil kanneero-
darththana cheyyum makkale nee
kaivediyalle mathaave !

3 Daivika sooryanudhichenna
Divyaambharame ! the swasthi
Jeevamaraththe mulappichcha
Thiruvayalaamamme ! swasthi

Kunjaadundaayoru maravum
neeruravozhukiya theeppara
Naanayamaruliya malsyamathum

Mathaave ! ninne velivaakki
sakala charaachara srushdaavine
Kaikalilaaghoshichchavalaa-
mamme ! krupa cheytheedaname.

*Moriyo....*

## എക്ബോ

മന്നാനിക്ഷേപിതച്ചെപ്പും അഹറോൻ തൻ കിളുർത്തവടിയും
ഉൾക്കൊണ്ടൊരു നിയമപ്പെട്ടി ശ്ലേമൂൻ തന്നുറുമാലുമിവ.
നിൻ സാമ്യം ദൈവജനനി
അസ്പഷ്ടം നിബിയന്മാരും
സസ്പഷ്ടം ശ്ലീഹന്മാരും
നിൻ സുതരഹസ്യം കാണിച്ചു ഊ
സതതം സ്തുത്യനാകുകയാൽ നിന്നുടെ സൂനുമശിഹായെ
ഞങ്ങളെന്നും വണങ്ങുന്നു.

*മൊറിയോ....*

## **EKBO** (Stanza)

Mannanikshepithacheppum Aharon than kilurthavadiyum
Ulkkondoru niyamappetti shlemoon thannurumaalumiva

Nin saamyam daivajananee
Aspashtam Nibiyanmaarum
Saspashtam shleehanmaarum
Nin sutharahasyam kanichchu Oo

sathatham sthuthyanaakukayaal ninnude soonomashihaaye
Njangal ennum vanangunnu.

*Moriyo....*

## അപേക്ഷ

ഞങ്ങളുടെ രക്ഷയ്ക്കായി പിതാവാം ദൈവത്തിന്റെ തിരുവിഷ്ട പ്രകാരം ആകാശം ചായിച്ചിറങ്ങിവന്ന വചനമാം ദൈവത്തെ ഉദരത്തിലുൾക്കൊ വാഴ്ത്തപ്പെട്ട മാതാവേ!.... ***(ഞങ്ങൾക്കുവേ‌ി അപേക്ഷിക്കണമേ)***

ഇപ്പോൾ സത്യവിശ്വാസത്തോടും പ്രത്യാശയോടും കൂടെ കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന നിന്റെ മക്കൾക്ക് നിന്റെ ഏകജാതന്റെ സന്നിധിയിൽ നിന്ന് സ്വർഗ്ഗീയ ദാനങ്ങൾ ലഭിക്കുന്നതിനായി പരിശുദ്ധ അമ്മേ....

നിന്റെ മഹത്വമേറിയ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ സകല ദുഃഖങ്ങളിൽ നിന്നും, ആപത്തുകളിൽ നിന്നും ഞങ്ങൾ സംരക്ഷിക്കപ്പെടേണമെ. കരുണയുടെ വാതിലും, സകല നന്മകളുടെയും ശ്രീഭണ്ഡാരവും, തന്നോടപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്തവളുമായ മാതാവേ! വരുവാനിരിക്കുന്ന സകല പ്രതികാരങ്ങളിൽ നിന്നും, കോപ വടികളിൽ നിന്നും ഞങ്ങളെ വിടുവിക്കുവാനായി പരിശുദ്ധ മാതാവേ!....

നിന്റെ ഏകജാതനോടുള്ള യാചന മുഖാന്തിരമായി ഞങ്ങളുടെ ദുർബലതകൾക്ക് താങ്ങൽ ലഭിക്കുന്നതിന്നും, രോഗികൾ സൗഖ്യമാക്കപ്പെടുന്നതിനും, ഞങ്ങളുടെ അകൃത്യങ്ങളും, പാപങ്ങളും ക്ഷമിക്കപ്പെടുന്നതിനും, ഞങ്ങളുടെ കറകൾ മായിച്ചു കളയുന്നതിനും പരിശുദ്ധ അമ്മേ!....

ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കുന്നതിനും, ബന്ധനങ്ങളെ അഴിക്കുന്നതിനും, ഞങ്ങളുടെ നടപടികൾ കുറ്റം കൂടാത്തതായിത്തീരുന്നതിനും, ഞങ്ങളുടെ ആശ്രയവും, വഴിയുമായ ദൈവമാതാവേ!....

പരിശുദ്ധ അമ്മേ! അവിടുത്തെ മദ്ധ്യസ്ഥതയാൽ ഞങ്ങളുടെ വൃദ്ധജനങ്ങളെ താങ്ങുന്നതിനും, ഞങ്ങളുടെ യൗവ്വനക്കാരെ പരിപാകതയോടെ സംരക്ഷിക്കുന്നതിനും, ശിശുക്കൾ ആരോഗ്യത്തിലും, ദൈവ ഭയത്തിലും വളർത്തപ്പെടുന്നതിനും, മാതാവേ!....

സമീപസ്ഥന്മാരെ കാത്തു സംരക്ഷിക്കുന്നതിനും, ദൂരസ്ഥന്മാരെ സമാധാനത്തോടെ വസിപ്പിക്കുന്നതിനും, ദുഃഖങ്ങളിൽ നിന്നും, ദുഷ്കാലങ്ങളിൽ നിന്നും, ഞെരുക്കങ്ങളിൽ നിന്നും, സാത്താന്റെ പരീക്ഷണങ്ങളിൽ



നിന്നും ഞങ്ങളെ വീണ്ടുകൊള്ളുന്നതിനും, പരിശുദ്ധ അമ്മേ!....

ദുഷ്ട മനുഷ്യരുടെയും, ദുഷ്ട ജന്തുക്കളുടെയും ഉപദ്രവങ്ങളിൽ നിന്നും, ദുർമ്മതികളും, ദുരാഗ്രഹികളുമായ അധികാരികളിൽനിന്നും ഞങ്ങളെ സംരക്ഷിക്കുന്നതിനും പരിശുദ്ധ മാതാവേ!....

ഞങ്ങളുടെ സമാധാനപരമായ നിത്യജീവിതത്തെ അലങ്കോലപ്പെടുത്തുന്ന സകലവിധ പൈശാചിക വ്യാപാരങ്ങളും ഞങ്ങളിൽ നിന്നും, ഞങ്ങളുടെ ഭവനങ്ങളിൽ നിന്നും ഒഴിഞ്ഞു പോകുവാനായി പരിശുദ്ധ അമ്മേ!....

വിവാഹിതരാകുവാൻ സാധിക്കാതെ മനോദുഃഖമനുഭവിക്കുന്ന യുവതി യുവാക്കൾക്ക് വിവാഹത്തിനുള്ള കൃപയും ദൈവ നടത്തിപ്പും ലഭിക്കുവാനും, സന്താനഭാഗ്യമില്ലാതെ നിത്യ ദുഃഖത്തിൽ കഴിയുന്ന ദമ്പതികൾക്ക് സന്താന സൗഭാഗ്യം നൽകി സന്തോഷിപ്പിക്കുവാനായി പരിശുദ്ധ മാതാവേ!....

ദാരിദ്ര്യ ദുഃഖമനുഭവിക്കുന്നവരെ കരുണയോടെ പരിപോഷിപ്പിച്ച് സംതൃപ്തരാക്കുന്നതിനും, മനഃസ്വസ്ഥത നശിച്ച് നിരാശപ്പെട്ട് കഴിയുന്നവർക്ക് പ്രത്യാശയും, മനഃസമാധാനവും ലഭിക്കുന്നതിനും, പരിശുദ്ധ മാതാവേ!....

ഞങ്ങളുടെ അദ്ധ്വാനങ്ങളെയും, ഞങ്ങളുടെ ജീവിത സംരംഭങ്ങളെയും പ്രകൃതി കോപങ്ങളിൽ നിന്നും; വിനാശകരമായ കെടുതികളിൽ നിന്നും കാത്തു സംരക്ഷിക്കുന്നതിനുമായി പരിശുദ്ധ മാതാവേ!....

പുഷ്ടിയുള്ള കാലങ്ങളെയും, ഐശ്വര്യസംപൂർണ്ണമായ സമാധാന ജീവിതത്തെയും നിന്റെ മക്കൾക്ക് പ്രദാനം ചെയ്യുന്നതിന് പരിശുദ്ധ അമ്മേ!....

പെട്ടെന്നുള്ള മരണത്തിൽ നിന്നും, ഇടിമിന്നലുകളിൽ നിന്നും, വസന്തയിൽ നിന്നും, പ്രകൃതി കോപങ്ങളിൽ നിന്നും നിന്റെ മക്കൾക്ക് സംരക്ഷണം നൽകുന്നതിന് പരിശുദ്ധ മാതാവേ!....

പരിശുദ്ധ ദൈവമാതാവേ! ഇന്ന് പ്രത്യേകാൽ ഈ അപേക്ഷ സമർപ്പിക്കുകയും, പ്രത്യാശയോടെ നിന്റെ മുമ്പാകെ വന്നു ചേരുകയും ചെയ്തിട്ടുള്ള ഈ നിന്റെ മക്കളെ പ്രത്യേകമായ കൃപകൾക്കും, അനുഗ്രഹങ്ങൾക്കും യോഗ്യരാക്കണമെ. പരിശുദ്ധ അമ്മേ! നിന്റെ മക്കളുടെ മുഖത്തു നിന്ന് ദുഃഖത്തിന്റെയും, വേദനയുടെയും, കരച്ചിലിന്റെയും കണ്ണുനീരിനെ തുടച്ചു കളയണമേ. ഇവരുടെ സങ്കടങ്ങൾക്ക് പരിഹാരം വരുത്തിക്കൊടുക്കേണമെ. മാതാവേ! സകല വംശങ്ങളും, തലമുറകളും നിനക്കു ഭാഗ്യം നേരുന്നു. നിന്നെ തിരഞ്ഞെടുത്ത ആദ്യന്തമില്ലാത്ത പിതാവിനും, നിന്നിൽ നിന്നവതരിച്ച വന്ദ്യ പുത്രനും, നിന്നെ ശുദ്ധീകരിച്ച പരിശുദ്ധ റൂഹായ്ക്കും സ്തുതിയും, സ്തോത്രവും ഇപ്പോഴും, എല്ലായ്പ്പോഴും എന്നേക്കും ഞങ്ങൾ സമർപ്പിക്കുന്നു.

നാം മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലണം.

കുറിയേ..... കുറിയേ..... കുറിയേ.....

## ബോവൂസോ

രക്ഷകനാം മശിഹാ ഞങ്ങൾതൻ സൃഷ്ടാവാം ദേവ
ദയചെയ് ഞങ്ങൾമേൽ നിൻമാതാ യാചനമൂലം
പൈശാചിക ചതിയിൽ നിന്നെങ്ങൾക്കേകണമേ മുക്തി
ദുർസേനാവലിയിൽ നിന്നും നീ രക്ഷിക്കേണമെ.

> നിൻ ദാസർ ഞങ്ങൾ–നാഥാ തൃക്കയ്യിൽ
> വാഞ്ചിപ്പോൻ കൃപയെ–നീയല്ലാതില്ലാരും

ഏകണമെ പുണ്യം മോചനവും നിന്നടിയങ്ങൾക്കായ്
പൂർണ്ണ ശാന്തിയുമേ മൃതരായോർക്കരുളിടേണമേ

## **BOOVOOSO** (Songs of intercession)

Rakshakanaam mashiha njangalthan srushtaavaam deva
dayachchey njangalmel ninmaatha yaachanamoolam
paishaachika chathiyil ninnengalkkekaname mukti
doorsenavalayil ninnum nee rakshikkename.

> Nin daasar njangal-naathaa thrukkayyil
> vaanchippon krupaye-neeyallathillaarum

Ekaname punyam mochanavum ninnadiyangalkkay
poorna shaanthiyume mruthrayorkkarulidename.

രക്ഷകനാം മശിഹാ–അടിയാരിൽ
കരുണകൾ ചൊരിയണമെ.
നിൻ മാതാവിൻ പ്രാർത്ഥനയാലെ
വാഴ്‌വുകളേകണമെ.
പൈശാചിക ചതിയിൽ–നിന്നെങ്ങൾ
മോചിതരാകണമെ.
ദുഷ്കർമ്മികളിൽ നി–ന്നീയടിയാർ
രക്ഷിതരാകണമെ.

> നിൻ – ദാ – സർ ഞങ്ങൾ
> നാ – ഥാ – തവ കൃപയെ
> നോ – ക്കി – പ്പാർക്കുന്നു
> നീ – യെ – ന്യെ തുണയില്ലാരും.



ശാന്തി, സമാധാനം – മോചനവും ഞങ്ങൾക്കേകണമെ.
മൃതരായോർ ശാന്ത്യാ – മേവണമെ
നിൻ തിരുസന്നിധിയിൽ.

കുറിയേലായിസ്സോൻ..... (3)

കൃപ ചെയ്തീടണമെ നാഥാ!..... (3)

അലിവൊടു കൃപ ചെയ്യുക നാഥാ!..... (3)

ഉത്തരമരുളണമെ നാഥാ!..... (3)

പ്രാർത്ഥിച്ചീടണമെ അമ്മേ!..... (3)

ശുബഹോലോക് മോറോൻ, ശുബഹോലോക് മോറാൻ,
ശുബഹോലോക് സബ്റാൻ ല ഓലം – ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!.....

കൃപ നിറഞ്ഞ മറിയമേ!.....

Rakshakanaam mashihaa-adiyaaril karunakal choriyaname
Nin mathaavin praarthanayaale vaazhvukalekaname
Paishaachika chathiyil-ninnengal mochitharaakaname
Dushkarmmikalil ni-nneyadiyaar rakshitharaakaname

> Nin-daa-sar njangal
> Naa-thaa-thava krupaye
> No-kki-pparkkunnu
> Nee-ye-nye thunayillarum.

Shanti, samadhaanam-mochanavum njangalkkekaname
Mruthraayor shaanthya-mevaname nin thirusannidhiyil.

Kuriyelaison.... (3)

Krupa cheytheedaname naathaa!.... (3)

Alivodu krupa cheyyuka naathaa!.... (3)

Uththaramarulaname naathaa!.... (3)

Praarthicheedaname Amme!.... (3)

Shubaholok moron, shubaholok moron,
Shubaholok sabraan la olam - Barekmor

## അപേക്ഷ

പരിശുദ്ധ ദൈവമാതാവേ! നിനക്കു ഭാഗ്യം. സകല വംശങ്ങളും നിന്നെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു. എന്തെന്നാൽ സർവ്വശക്തനും, പരി

ശുദ്ധ നാമമുള്ളവനുമായ കർത്താവ് അത്ഭുതകരമായ കൃപാദാനങ്ങൾ നിന്നിൽ നിവർത്തിച്ചിരിക്കുന്നു. പിതാവിന്റെ നിയോഗം അനുസരിച്ച് ആകാശം ചായിച്ച് ഇറങ്ങിവന്ന വചനമാം ദൈവത്തെ, പിതൃനിയോഗ പ്രകാരം പരിശുദ്ധ റൂഹായാൽ പവിത്രീകരിക്കപ്പെട്ട തന്റെ നിർമ്മല ഗർഭപാത്രത്തിൽ വഹിച്ച പരിശുദ്ധ മാതാവേ! നിന്റെ മഹിമകളെ വർണ്ണിപ്പാൻ ആർക്കു കഴിയും? സകലത്തെയും ദഹിപ്പിച്ചു കളയുവാൻ പര്യാപ്തമായ മഹാ അഗ്നിയെ ഉൾക്കൊിട്ടും തീപ്പൊള്ളലേൽക്കാതെ സൂക്ഷിക്കപ്പെട്ടവളെ! നീ ഭാഗ്യവതിയാകുന്നു.

സകല ചരാചരങ്ങളുടെയും സൃഷ്ടാവിനെ പ്രസവിച്ചതിനാൽ, സകല ഗോത്രങ്ങളുടെയും, വർഗ്ഗങ്ങളുടെയും സർവ്വ ജീവജാലങ്ങളുടെയും മാതാവായിത്തീർന്ന പരിശുദ്ധ ദൈവമാതാവേ! അടിയങ്ങൾ ഇതാ കണ്ണുനീരോടെ അപേക്ഷിക്കുന്നു. ഞങ്ങളോടുകൂടെ നിന്നുകൊ് ഇപ്പോൾ നീയും നിന്റെ ഏകജാതനായ തമ്പുരാനോട് പ്രാർത്ഥിക്കേണമെ. ഞങ്ങളിൽ ഒരുവനേയും ഉപേക്ഷിക്കരുതെ. ഞങ്ങളിൽ ആരേയും കൈവെടിയരുതെ. അമ്മേ! നിന്റെ പ്രാർത്ഥനയാൽ നിന്റെ ഏകജാതനായ ഞങ്ങളുടെ തമ്പുരാന്റെ തിരുസന്നിധിയിൽ നിന്ന് കൃപകളും, കരുണകളും ഞങ്ങൾ പ്രാപിക്കുമാറാകണമെ. നിന്റെ ഏകജാതന്റെ തിരുസന്നിധിയിൽ നിനക്ക് ധൈര്യമായ പ്രവേശന സ്വാതന്ത്ര്യവും, മുഖപ്രസന്നതയും ഉല്ലോ. അമ്മേ! ഞങ്ങൾക്കുവേി അപേക്ഷിക്കണമെ.

മാതാവേ! നിന്റെ കരുണയ്ക്കായി കണ്ണുനീരോടെ പരിശുദ്ധ സൂനോറോ കബറിങ്കൽ അപേക്ഷിക്കുന്ന ഞങ്ങളിൽ മനസ്സലിഞ്ഞ് രോഗങ്ങളെ നീക്കി ഞങ്ങളെ ആശ്വസിപ്പിക്കണമെ. ഞങ്ങളിൽ കുരുടന്മാർക്ക് കാഴ്ച കൊടുക്കണമെ. തളർന്നവരെ ബലപ്പെടുത്തണമെ. ചെകിടരെ കേൾവിയുള്ളവരാക്കണമെ. ഊമന്മാർക്ക് സംസാരശക്തി നൽകണമെ. മുടന്തർക്ക് സഞ്ചാരശക്തി നൽകണമെ. ബുദ്ധിഹീനർക്ക് സുബോധവും, ബുദ്ധിയും പ്രദാനം ചെയ്യണമെ. മനം തകർന്നവരെയും, ജീവിത നൈരാശ്യം സംഭവിച്ചവരെയും ആശ്വാസത്തിന്റെയും, ശാന്തിയുടെയും തുറമുഖത്ത് എത്തിക്കണമെ.

പരിശുദ്ധ മാതാവേ! ദുഃഖങ്ങളിൽ നിന്നും, ദുഷ്കാലങ്ങളിൽ നിന്നും, ഞെരുക്കങ്ങളിൽനിന്നും, ദുഷ്ട മനുഷ്യരുടെ ഉപദ്രവങ്ങളിൽ നിന്നും, ദുർമ്മതികളും, ദുരാഗ്രഹികളുമായ അധികാരികളിൽ നിന്നും, അസൂയാലുക്കളായ വഞ്ചകരുടെ ഒളിയമ്പുകളിൽനിന്നും, കെണികൾ മറച്ചു വച്ചിട്ടുള്ള പരിഹാസികളുടെ കയ്യിൽ നിന്നും, അധർമ്മത്തിലേയ്ക്കു നയിക്കുന്ന പൈശാചിക പ്രലോഭനങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ. വന്നതും, വരുന്നതും, വരുവാനിരിക്കുന്നതുമായ സകല സങ്കടങ്ങളിലും, ആപത്തുകളിലും, നീ ഞങ്ങൾക്ക് താങ്ങും തണലുമായിരിക്കണമെ.

ശിശുക്കളെ ബാലാരിഷ്ടത കൂടാതെ ആരോഗ്യത്തോടെ വളർത്തണമെ. വിദ്യാർത്ഥികളെ ദൈവഭയവും, ഗുരുഭക്തിയുമുള്ളവരാക്കണമെ. വൃദ്ധ



ജനങ്ങളെ സമാധാനത്തോടെയും ആരോഗ്യത്തോടെയും കാത്തുകൊള്ളണമെ. വിധവകൾക്ക് നീ താങ്ങും തണലുമായിരിക്കണമെ. കാണാതെ പോയവർ സമാധാനത്തോടെ തിരിച്ചെത്തുമാറാകണമെ. സന്താന ഭാഗ്യമില്ലാതെ നിത്യദുഃഖത്തിൽ കഴിയുന്ന ദമ്പതികളോട് കരുണ ചെയ്ത് സന്താനദാനത്താൽ അവരെ സന്തോഷിപ്പിക്കണമെ. ദരിദ്രരെയും, പ്രയാസങ്ങൾ അനുഭവിക്കുന്നവരെയും സമാശ്വസിപ്പിക്കണമെ. വിവിധ തര രോഗങ്ങളിൽനിന്നും പ്രകൃതി കോപങ്ങളിൽ നിന്നും ഞങ്ങളുടെ അദ്ധ്വാനങ്ങളെ സംരക്ഷിച്ച് കുടുംബത്തിൽ സമാധാനവും, ഐശ്വര്യവും നീ ഞങ്ങൾക്ക് പ്രദാനം ചെയ്യണമെ.

മാതാവേ! നിന്റെ മദ്ധ്യസ്ഥ പ്രാർത്ഥന ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോയ മാതാപിതാക്കന്മാർക്കും, സഹോദരീ സഹോദരങ്ങൾക്കും ഇപ്പോഴും, എല്ലായ്പ്പോഴും, എന്നേയ്ക്കും കോട്ടയും, അഭയസ്ഥാനവുമായിരിക്കണമെ. നിന്നെ തിരഞ്ഞെടുത്ത ആദ്യന്തമില്ലാത്ത പിതാവിനും, നിന്നിലിറങ്ങി വസിച്ച വന്ദ്യപുത്രനും, നിന്നെ ശുദ്ധീകരിച്ച പരിശുദ്ധാത്മാവിനും സ്തുതിയും, സ്തോത്രവും ഞങ്ങൾ കരേറ്റുന്നു.

നാം മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്ന് ഏറ്റു ചൊല്ലണം.

കുറിയേ..... കുറിയേ..... കുറിയേ.....

## അപേക്ഷ

ഞങ്ങളുടെ രക്ഷയ്ക്കായി പിതാവിന്റെ നിയോഗ പ്രകാരം ആകാശം ചായിച്ച് ഇറങ്ങിവന്ന, വചനമാം ദൈവത്തെ ഉദരത്തിൽ ഉൾക്കൊ വാഴ്ത്തപ്പെട്ട മാതാവെ!..... (ഞങ്ങൾക്കു വേി അപേക്ഷിക്കേണമെ).

കന്യാവ്യതമുദ്രയ്ക്ക് ഭംഗം വരാതെ സർവ്വശക്തനായ ദൈവത്തെ വെടിപ്പോടെ ബേതിലഹേം ഓഫ്രത്തായിൽ പ്രസവിച്ച വിശുദ്ധ കന്യകയായ മാതാവേ!.....

ഹവ്വായുടെ അനുസരണക്കേടുമൂലം മനുഷ്യജാതിയ്ക്കുായ കടങ്ങളും, പാപങ്ങളും പരിഹരിപ്പാൻ മനുഷ്യാവതാരം ചെയ്ത മിശിഹായുടെ വിശുദ്ധയായ മാതാവേ!.....

ആദാമിനെ മണ്ണുകൊ് മെനഞ്ഞ സൃഷ്ടാവിനെ തന്റെ ചെറിയ കൈകളിൽ എടുത്ത് താലോലിക്കുകയും, സകല ജീവ ജാലങ്ങളിലും ജീവൻ സംവേശിപ്പിച്ചവന് മുലപ്പാൽ കൊടുത്തു വളർത്തുകയും ചെയ്ത സർവ്വശക്തന്റെ മാതാവേ!.....

സ്വർഗ്ഗാധി സ്വർഗ്ഗസ്ഥനായ പിതാവിന്റെ തിരുവചനം മാലാഖമാരുടെ തലവൻ സവിനയം ആരെ അറിയിച്ചുവോ ആ ദാവീദു വംശജയായ മാതാവേ!.....

അന്ധകാരത്തിലും, മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം നൽകുവാൻ നീതിയുടെ സൂര്യൻ ലോക രക്ഷയ്ക്കായി ആരിൽ നിന്നുദയം

ചെയ്തുവോ ആ അനന്താകാശമായ മാതാവേ!.....

സ്വർഗ്ഗത്തിന്റെ വാതിലും, യാക്കോബിന്റെ കൂടാരവും, ദാവീദിന്റെ ഗോപുരവും, ജ്ഞാനത്തിന്റെ സിംഹാസനവുമായി അറിയപ്പെടുന്ന മഹാപതിവ്യതയായ മാതാവേ!.....

കടങ്ങളുടെ പരിഹാരത്തിനും, പാപങ്ങളുടെ മോചനത്തിനുമായി ആദാമൃസന്തതികൾക്ക് നൽകപ്പെടുവാൻ വേി ജീവരക്ഷാമർമ്മവും, ജീവവൃക്ഷഫലവുമായ തിരുശരീരത്തെ സർവ്വശക്തൻ ആരിൽ നിന്ന് സ്വീകരിച്ചുവോ ആ ജീവവൃക്ഷമാകുന്ന മാതാവേ!.....

പിതാവാം ദൈവത്തിന്റെ ഇഷ്ടപുത്രിയും, ദൈവത്വത്തിന്റെ ആലയവും, പരിശുദ്ധ ത്രിത്വത്തിന്റെ ശോഭയുള്ള ശൂശാന പുഷ്പവുമായ അനുഗ്രഹീത മാതാവേ!.....

ആനന്ദത്തിന്റെയും, അനുഗ്രഹത്തിന്റെയും നിസ്തുല സൗരഭ്യം വീശുന്ന ഔഷധമായ വാടാത്ത പനിനീർ പുഷ്പമായ മാതാവേ!.....

രോഗികളുടെ ഔഷധവും, പാപികളുടെ സങ്കേതസ്ഥലവും, മനം തകർന്നവരുടെ ആശ്വാസവും, ഞങ്ങളുടെ ഹൃദയറാണിയും, ആശ്രയവുമായ മാതാവേ!.....

കാനാവിലെ കല്യാണവിരുന്നിന് എഴുന്നള്ളിച്ചെന്ന്, അവരുടെ ഇല്ലായ്മകളും, കുറവുകളും തന്റെ അപേക്ഷയാൽ പരിഹരിച്ച് സംതൃപ്തി നൽകിയ ഔദാര്യനിധിയായ മാതാവേ!.....

ഏലിശുബായുടെ സന്നിധിയിൽ സ്നേഹത്തോടെ കടന്നു ചെന്ന് അവളെയും, അവളുടെ ഉദരഫലത്തേയും അനുഗ്രഹിച്ച സന്തോഷകാരണമായ മാതാവേ!.....

ഞെരുക്കത്തിലകപ്പെട്ടിരിക്കുന്നവരുടെ ആശ്വാസവും, വീണു പോയവരുടെ എഴുന്നേൽപ്പും, മരിച്ചുപോയവരുടെയും ജീവനുള്ളവരുടെയും ശരണവും, പ്രത്യാശയുമായ മാതാവേ!.....

ശിശുക്കളുടെ സംരക്ഷകയും, യുവതിയുവാക്കന്മാരുടെ പ്രത്യാശയും, വൃദ്ധജനങ്ങളുടെ ആലംബവും, വിധവകളുടെ ശരണവും, അനാഥരുടെ അഭയകേന്ദ്രവുമായ മാതാവേ!.....

പീഢിതരുടെ സംരക്ഷകയും, ക്ലേശിതരുടെ ആശ്വാസവും, ദരിദ്രരുടെ ശ്രീഭണ്ഡാരവും, ദൂരസ്ഥരുടെ മാർഗ്ഗദീപവും, സമീപസ്ഥരുടെ സങ്കേതവുമായ മാതാവേ!.....

ബന്ധിതരുടെ വിമോചനവും, അടിമകളുടെ സ്വാതന്ത്ര്യവും, ചതിവിൽപ്പെട്ടവരുടെ സംരക്ഷണവും, വഞ്ചിക്കപ്പെട്ടവരുടെ ആശ്വാസവും, സകല ചരാചരങ്ങളുടെയും രാജ്ഞിയുമായ മാതാവേ!.....



## രോഗികളുടെ പ്രാർത്ഥന

*മാനസ ക്ലേശം, തീരാരോഗം എന്നിവയെല്ലാം*
*മാതാവേ! നിൻ അർത്ഥനമൂലം മാറ്റീടേണമെ.*

സർവ്വശക്തനായ ദൈവമേ നിന്റെ മാതാവിനെ ഞാൻ നോക്കിക്കൊ് നിന്നെ വിളിക്കുന്നു, എന്നോട് ഉത്തരമരുളിചെയ്യണമെ. എന്റെ കുറ്റങ്ങളും പാപങ്ങളും വളരെയാകുന്നു. നിന്റെ വെടിപ്പുള്ള സോപ്പാ എന്റെ മേൽ തളിച്ച് എന്നെ വെണ്മയാക്കണമെ നിന്റെ പിതാവിന്റെ സ്നേഹം മൂലം ഞാൻ നിന്നോട് അപേക്ഷിക്കുന്നു. എന്നെ ചെവിക്കൊ് നിന്റെ കരുണയുടെ വാതിൽ എനിക്ക് തുറന്ന് തരേണമെ. നിന്റെ തൃപ്പാദത്തിങ്കലല്ലാതെ ഞാൻ എവിടെപ്പോയി ആശ്രയിക്കേ്ു. പല വൈദ്യന്മാരെ കൊ് പലതും പ്രവർത്തിച്ചു എന്നാൽ എന്റെ രോഗം എനിക്ക് സഹിപ്പാൻ പാടുള്ളതിലപ്പുറമായിരിക്കുന്നു. നിന്നെ തൊട്ടിട്ടുള്ളവർക്കും, നീ തൊട്ടിട്ടുള്ളവർക്കും നാഥാ! നീ സൗഖ്യം കൊടുത്തിരിക്കുന്നുവല്ലോ. കാരുണ്യവാനേ! നിന്റെ തിരുവസ്ത്ര സ്പർശനംമൂലം രക്തവാർച്ചക്കാരിയായ സ്ത്രീയ്ക്ക് സൗഖ്യം സിദ്ധിച്ചതുപോലെ പരിശുദ്ധ അമ്മയുടെ സൂനോറോ കബറിങ്കലെ സ്പർശനം മൂലം കർത്താവേ! എന്റെ മാനസീക, ശാരീരിക രോഗങ്ങൾക്ക് നീ സൗഖ്യം നൽകണമേ.

ഭാഗ്യവതിയും, നിത്യകന്യകയും കറയില്ലാത്തവളും ആയ പരിശുദ്ധ അമ്മേ! പുണ്യപ്പെട്ട സൂനോറോ കബറിങ്കൽ വന്ന് നിന്റെ വിശുദ്ധതയോട് ഞാൻ അപേക്ഷിക്കുന്നു. എന്റെ രോഗം സൗഖ്യമാകുവാനായിട്ട് എനിക്കുവേി കർത്താവും രക്ഷിതാവുമായ നിന്റെ ഏക പുത്രനോട് അപേക്ഷിപ്പാൻ ദയവുാകണമെ. മാതാവെ എന്നെയും, എനിക്കുള്ള എല്ലാവരേയും വ്യസനിപ്പിക്കുന്നതായ എന്റെ രോഗത്തെ സൗഖ്യമാക്കിത്തരണമെ. എന്റെ സർവ്വനന്മകൾക്കായിട്ട് നിന്റെ പ്രാർത്ഥന എപ്പോഴും എനിക്ക് കോട്ടയായിരിക്കേണമെ. ഞാൻ സുഖം പ്രാപിച്ച് നിന്നെ പുകഴ്ത്തുവാനും നിന്റെ ഏകപുത്രനായ യേശു മിശിഹായെ സ്തുതിപ്പാനും നിന്റെ പരിശുദ്ധ നടപടികളെ പിന്തുടരുവാനും എന്നെ യോഗ്യനാക്കണമെ. ആമ്മീൻ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

കൃപനിറഞ്ഞ മാതാവേ നിനക്കു സമാധാനം.....